

# മെത്രാപ്പോലീത്തായുടെ കത്ത്

(ഓഗസ്റ്റ് - 2017)

കർത്താവിൽ പ്രിയരേ,

സ്വാമി വിവേകാനന്ദൻ നൂറ്റാണ്ടുകൾക്കു മുമ്പ് കേരളത്തിൽ വന്നപ്പോൾ ദർശിച്ചതായ ആ ശോചനീയമായ അവസ്ഥയുടെ വികൃത രൂപങ്ങളല്ലേ നമ്മുടെ സമൂഹത്തിൽ ഇന്ന് നാം ദിനം തോറും കണ്ടുകൊണ്ടിരിക്കുന്നത്? അന്ന് സ്വാമി വിവേകാനന്ദൻ കേരളത്തെ വിശേഷിപ്പിച്ചത് 'കേരളം ഒരു ഭ്രാന്താലയം' എന്നായിരുന്നുവല്ലോ. ഇന്ന് സമൂഹത്തിൽ എവിടെ നോക്കിയാലും അങ്ങനെതന്നെ ഇന്നും കേരളത്തെ വിശേഷിപ്പിക്കത്തക്കതായ സംഭവവികാസങ്ങളാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും. ജാതിയുടെയും ഉച്ചനീചത്വങ്ങളുടെയും പശ്ചാത്തലത്തിൽ, ഉയർന്ന ജാതിയിൽപെട്ടവർക്ക് പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ജീവൻ പോലും അപഹരിക്കുന്നതിന് അവകാശമുണ്ട് എന്ന മട്ടിലായിരുന്നുവല്ലോ അന്ന് കാര്യങ്ങൾ നടന്നുകൊണ്ടിരുന്നത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരെ ഉയർത്തിക്കൊണ്ടു വരുന്നതിനും വ്യക്തമായ നിയമനിർമ്മാണം ഇന്ത്യൻ ഭരണഘടനയിലൂടെ ഉറപ്പാക്കിയിരുന്നു. എന്നാൽ ഇന്ന് കുട്ടികളുടെയും സ്ത്രീകളുടെയും നേരെ നടക്കുന്ന അക്രമപ്രവർത്തനങ്ങളും പീഢനങ്ങളും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെ മുഴുവൻ കാറ്റിൽ പറത്തുന്ന രീതിയിലല്ലേ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. മൂല്യങ്ങളുടെ സൂര്യൻ അസ്തമിച്ചതിനു ശേഷം ആകാശ വിതാനത്തിൽ അവശേഷിക്കുന്ന ശോഭ പോലെ ആകരുത് നമ്മുടെ മാനവികതയുടെ ദർശനങ്ങൾ. അത് ഏറ്റവും പ്രഭ ചൊരിയുന്ന സൂര്യതേജസ്സായി മാനവികതയുടെ വെളിച്ചമായി നിലനിൽക്കേണ്ടതാണ്. ഇന്ന് കേരളത്തിൽ മാന്യതയുടെ വെളിച്ചമെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വന്നേ മതിയാകൂ. പ്രഭാതത്തിൽ സൂര്യൻ ഉദിച്ചു വരുമ്പോൾ അന്ധകാരത്തിന്റെ പുതപ്പു മാറ്റി പൂക്കൾ എല്ലാം വെളിച്ചത്തിലേക്ക് വിരിഞ്ഞു വരുന്നതുപോലെ ഉദാത്തമായ മാനവികതയുടെ ഉദയകിരണങ്ങൾ ഏറ്റുവാങ്ങി നമ്മുടെ സമൂഹം മനുഷ്യത്വത്തിലേക്ക് ഉണരേണ്ടതായിട്ടുണ്ട്.

*'ഉദയഗിരി ചുവന്നു*
*ഭാനുബിംബം വിളങ്ങി*
*നളിനമുകുള ജാലേ*
*മന്ദഹാസം വിടർന്നു"*

എന്ന് നമ്മുടെ ഒരു പഴയ ശ്ലോകം അനുസ്മരിപ്പിക്കുന്നതായ പ്രതീക്ഷകൾ ഉണരുന്ന ഒരു നല്ല നാളയെ വരവേല്ക്കാൻ നമ്മുടെ സമൂഹം ഉണരേണ്ടതിനായി പ്രാർത്ഥിക്കാം. ദൈവം മാനവികതയെ സൃഷ്ടിച്ചത് ദൈവത്തിന്റെ മനുഷ്യമുഖ സാദൃശ്യത്തിലാണ്. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. എന്നാൽ തന്റെ ഏകജാതനായ പുത്രന്റെ ജീവിതത്തിലൂടെയും മുഖദർശനത്തിലൂടെയും ദൈവത്തിന്റെ മുഖം ലോകം ദർശിച്ചു എന്ന് ക്രൈസ്തവ വിശ്വാസം പ്രഖ്യാപിക്കുന്നു. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മാനവികത ദൈവത്തിന്റെ മനുഷ്യമുഖത്തിന്റെ പ്രതിഫലനമാകുന്നു എന്ന യാഥാർത്ഥ്യം സഭ പ്രഘോഷിക്കുന്നു. കണ്ടാലും അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആകുന്നു എന്നതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ദർശനം. തേജോമയനായ സൂര്യന്റെ ശക്തമായ കിരണങ്ങൾ ചന്ദ്രനിൽ പതിച്ച് ആ കിരണങ്ങൾ ചന്ദ്രികയുടെ കുളിർമയായി ഭൂമിയ്ക്ക് രാത്രിയിൽ ലഭിക്കുന്നതുപോലെ ദൈവത്തിന്റെ ഹൃദയശോഭ ഏറ്റുവാങ്ങി ലോകത്തിൽ സ്നേഹത്തിന്റെയും ആശ്വാസത്തിന്റെയും നിലാമഴയായി പെയ്യുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. സുപ്രസിദ്ധ ബംഗാളി ചിന്തകനായ കേശബ് ചന്ദ്രസെൻ പറഞ്ഞതുപോലെ നസ്രയനായ യേശുവിൽ ദൈവത്തിന്റെ മനുഷ്യമുഖം ദർശിക്കാൻ കഴിയും. സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ മറ്റുള്ളവർക്കുവേണ്ടി ജീവിച്ചു മരിച്ച നസ്രയനായ യേശുവിൽ ദൈവത്തിന്റെ ത്യാഗോജ്ജ്വലമായ സ്നേഹം ദർശിക്കുവാൻ കഴിയും. എന്നാൽ ഇന്ന് ഈ ക്രിസ്തുവിന്റെ ശോഭ നമ്മിലൂടെ ലോകത്തിലേക്ക് പകരുവാൻ നമുക്ക് കഴിയുന്നുണ്ടോ എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം. നാം ക്രിസ്തുവിന്റെ സാക്ഷികൾ ആകുന്നതിലൂടെ നാം ലോകത്തിന് സമ്മാനിക്കേണ്ടത് ക്രിസ്തുവിലൂടെ ലോകത്തിന് വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ഹൃദയശോഭയാണ്. നമ്മിലൂടെ ലോകം ദൈവത്തിന്റെ മനുഷ്യമുഖം ദർശിക്കുവാൻ ഇടയാകണം. ഇത് ഒരു ചിന്തയുടെ തലത്തിൽ നിന്നാൽ മാത്രം പോരാ, പ്രവൃത്തിയിൽ പ്രകടമായി തീരണം.

അതിരൂക്ഷമായ ഒരു വേനൽക്കാലം പിന്നിട്ട് കാലവർഷമാഗതമായി. കേരളം ഇതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്തതും അനുഭവിച്ചിട്ടില്ലാത്തതുമായ വിധത്തിലുള്ള വിവിധ തരം പനികൾ ബാധിച്ച് കേരളം ഇന്ന് പനിച്ചു കിടക്കുകയാണ്. മാരകമായ പനിയുടെ വ്യാപനത്തിലൂടെ പൊലിഞ്ഞുപോയത് അനേകം പേരുടെ ജീവനാണ്. മഴ പെയ്തിറങ്ങിയപ്പോൾ മനുഷ്യൻ പൊതുസ്ഥലങ്ങളിലും നദികളിലുമെല്ലാം വലിച്ചെറിഞ്ഞതായ മാലിന്യകൂമ്പാരങ്ങളെല്ലാം ആ മഴയിൽ കുതിർന്ന് മാരകമായ രോഗാണുക്കളെ ഉല്പാദിപ്പിക്കുന്ന പകർച്ചവ്യാധികേന്ദ്രങ്ങളായി മാറിയതാണ് അടുത്ത കാലത്തുണ്ടായ പ്രധാന ദുരന്തം. മാലിന്യകൂമ്പാരങ്ങൾ മൂലം കൊതുകുകൾ വളരെയധികമായി വർദ്ധിക്കുകയും അങ്ങനെ കൊതുകു പരത്തുന്നതായ പനിയും മറ്റും വ്യാപകമായി പടരുകയും ചെയ്യുന്നു. എത്ര ശക്തനായ മനുഷ്യനായാലും അവന്റെ ജീവിതം അപഹരിക്കുവാൻ ഒരു കൊതുകുമൂലം സാധിക്കുമെന്നത് നാം അനുസ്മരിക്കേണ്ട ഒരു യാഥാർത്ഥ്യമത്രെ. ആകയാൽ കൊതുകുകളെ സൃഷ്ടിക്കുന്ന മാലിന്യ സംസ്കാരത്തിന്റെ സ്രഷ്ടാക്കളായി മാറാതിരിക്കുവാൻ കേരളസമൂഹം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്നും മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള സംവിധാനങ്ങൾ പല ആശുപത്രികളിൽ പോലും ഏർപ്പെടുത്തുന്നില്ല എന്നുള്ളത് നമ്മുടെ ഇപ്പോഴത്തെ സ്ഥിതിവിശേഷത്തെ ഏറെ ഗുരുതരമാക്കുന്ന ഒരു അവസ്ഥാവിശേഷമാണ്. രോഗം വരുന്നവരെ ചികിത്സിക്കുന്ന ധർമ്മം മാത്രമല്ല ആശുപത്രികൾക്ക് നിർവ്വഹിക്കാനുള്ളത്. രോഗം വരാതെ സമൂഹത്തെ കാത്തു സംരക്ഷിക്കുവാനും ആശുപത്രികൾക്ക് ഉത്തരവാദിത്വമുണ്ട്. എന്നാൽ ഇന്ന് പലപ്പോഴും ആശുപത്രികൾ തന്നെ പല രോഗ

ങ്ങളെയും ഉല്പാദിപ്പിക്കുന്നു എന്ന യാഥാർത്ഥ്യം നാം കണ്ടില്ലെന്ന് നടിക്കരുത്. മാലിന്യനിർമ്മാർജ്ജനത്തിനുള്ള സ്ഥിരം സംവിധാനങ്ങൾ ആശുപത്രികളിൽ നിർബന്ധമായും ഉണ്ടായിരിക്കണം. നമ്മുടെ സഭയുടെ രണ്ട് ആശുപത്രികളിലും മാലിന്യനിർമ്മാർജ്ജനത്തിനും മലിനജല ശുദ്ധീകരണത്തിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഒരു ആശുപത്രിയിൽ 70 ലക്ഷം രൂപ ചെലവഴിച്ചും മറ്റൊരു ആശുപത്രിയിൽ 50 ലക്ഷം രൂപ ചെലവഴിച്ചുമാണ് ഈ സംവിധാനം ഏർപ്പെടുത്തിയത്.

വെല്ലൂരിൽ മെഡിക്കൽ കോളേജിന്റെ വിപുലീകരണത്തിന്റെ ഭാഗമായിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോളേജിൽ നിന്നും ഏകദേശം 15 കിലോമീറ്റർ അകലെയായി സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾക്കുവേണ്ടി രൂപപ്പെടുത്തുന്ന ആ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോഴേക്കും, അവിടെ രോഗികളായി എത്തുന്നവർക്ക് സഹായത്തിന്റെ കരങ്ങൾ നൽകുന്ന നമ്മുടെ ഗൈഡൻസ് സെന്ററിന്റെയും അവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ധാരാളമായി ദൈവകൃപ ചൊരിയപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം.

നമ്മുടെ സഭയിൽ ഈ വർഷം 40-ഓളം യുവപട്ടക്കാർ സഭയുടെ വിവിധ ശുശ്രൂഷാമേഖലകളിൽ ഓഗസ്റ്റ് 1 മുതൽ പ്രവേശിക്കുകയാണ്. അനുഗൃഹീതമായ ഇടയശുശ്രൂഷയും സാക്ഷ്യവും നിർവ്വഹിക്കുന്നതിനായി ആവശ്യമായ ദൈവകൃപ നമ്മുടെ യുവപട്ടക്കാർക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം. 18 പട്ടക്കാർ ഈ വർഷം സജീവ സേവനത്തിൽ നിന്നും വിരമിച്ചു. അവരെയും കുടുംബങ്ങളെയും ഓർത്ത് പ്രാർത്ഥിക്കാം. അവർ ആയിരിക്കുന്ന ഇടങ്ങളിൽ ക്രിസ്തീയ സാക്ഷ്യം തുടർന്നും നിർവ്വഹിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

നമ്മുടെ സഭയിൽ ഉള്ള എല്ലാ വികാരി ജനറാൾമാരും ജൂലൈ മാസം അവസാനത്തോടു കൂടി സജീവസേവനത്തിൽ നിന്നും ഭരണഘടന അനുശാസിക്കുന്ന വ്യവസ്ഥപ്രകാരം വിരമിക്കുകയാണ്. വികാരി ജനറാൾമാരുടെ അഭാവം ഓഗസ്റ്റ് മാസത്തിൽ നാം അഭിമുഖീകരിക്കുന്നു. ഇപ്പോൾ വിരമിക്കുന്ന എല്ലാ വികാരിജനറാൾമാരും സജീവ സേവനത്തിൽ നല്ല ആരോഗ്യത്തോടുകൂടി പ്രവർത്തിച്ച് വരുമ്പോഴാണ് വിരമിക്കേണ്ടി വന്നത്. വികാരി ജനറാൾമാരെ നിയമിക്കുമ്പോൾ അറുപതു വയസ്സിനും അറുപത്തിയഞ്ച് വയസ്സിനും ഇടയ്ക്കുള്ളവരെ മാത്രമെ പരിഗണിക്കാൻ കഴിയുകയുള്ളൂ എന്ന ഭരണഘടനാ ഭേദഗതി പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതല്ലേ എന്ന് ആലോചിക്കേണ്ടതാണ്. വികാരിജനറാൾമാരുടെ പ്രായം മുൻപ് നിശ്ചയിച്ചതുപോലെ കുറഞ്ഞത് 70 എങ്കിലും ആക്കുകയാണെങ്കിൽ അവരുടെ സേവനം 70 വയസ്സുവരെ ലഭിക്കുമായിരുന്നു. മണ്ഡലം ഇക്കാര്യം ഗൗരവമായി ചിന്തിക്കുന്നത് നന്നായിരിക്കും. ഇതൊരു അഭിപ്രായം മാത്രമാണെന്ന് അറിയിച്ചുകൊള്ളട്ടെ.

കഴിഞ്ഞ 125 സംവത്സരങ്ങളായി സഭയുടെ നാവായി മലങ്കര സഭാതാരക ധന്യമായ ശുശ്രൂഷകൾ അനുഷ്ഠിച്ചു വരികയാണ്. നവീകരണ ആശയങ്ങളെ മുറുകെ പിടിച്ച്, ആദർശനങ്ങളിലേക്ക് സഭാജനങ്ങളെ നയിച്ച അനേകം എഴുത്തുകാരുടെ സമർത്ഥമായ പ്രബോധനങ്ങൾ സഭയുടെ നവീകരണ ശാക്തീകരണത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട് എന്നത് അഭിമാനകരമത്രെ. ഇപ്പോൾ ശതോത്തരരജത ജൂബിലി ആഘോഷിക്കുന്ന താരകയ്ക്ക് ആശംസകൾ നേരുന്നു.

കാസർകോട് നമ്മുടെ Mar Thoma College for the Hearing Impaired ന്റെ പുതിയ കെട്ടിടം ഒന്നരക്കോടി രൂപാ ചെലവഴിച്ച് നിർമ്മിക്കുകയുണ്ടായി. ഇതിന്റെ കൂദാശ ഉടനെ നിർവ്വഹിക്കുന്നതാണ്.

ആഫ്രിക്കയിൽ മാർത്തോമ്മാ സഭയുടെ ആദ്യത്തെ മാർത്തോമ്മാ പള്ളിയ്ക്കുവേണ്ടി സ്ഥലം വാങ്ങി പണികഴിപ്പിക്കുന്നതിനും ഒക്ടോബറിൽ കൂദാശ നിർവ്വഹിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു. അമേരിക്കയിൽ ടൊറോണ്ടയിൽ ഉള്ള പള്ളിയുടെ നിർമ്മാണവും പൂർത്തീകരിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നൈജീരിയായുടെ തലസ്ഥാനമായ ലാഗോസിൽ ഒരു ഇടവക ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡ് അനുവദിക്കുകയും മെത്രാപ്പോലീത്ത ഒരു പട്ടക്കാരനെ അവിടെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സഭാകൗൺസിലിലേക്കും ഭദ്രാസന കൗൺസിലുകളിലേക്കും സഭയുടെ വിവിധ ഭരണസമിതികളിലേക്കും തെരഞ്ഞെടുപ്പുകൾ നടക്കുന്ന ഒരു കാലഘട്ടമാണല്ലോ സമാഗതമാകുന്നത്. സ്ഥാനാർത്ഥികൾ തമ്മിലുള്ള ആശയസംഘട്ടനങ്ങൾക്കും വ്യക്തിവിദ്വേഷങ്ങൾക്കും സോഷ്യൽ മീഡിയായെ ഒരു മാധ്യമമാക്കുന്നത് പലപ്പോഴും സഭ്യതയുടെ സീമകൾ പോലും ലംഘിച്ചുകൊണ്ടാണ് എന്ന വസ്തുത എല്ലാവരും ഗൗരവമായിട്ട് എടുക്കേണ്ടതാണ്. കേട്ടു കേൾവിയുടെ അടിസ്ഥാനത്തിലും വസ്തുതകൾക്ക് നിരക്കാത്ത വിധത്തിലും സോഷ്യൽ മീഡിയായെ ഉപയോഗിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. വോട്ടിനുവേണ്ടിയുള്ള സ്ഥാനാർത്ഥികളുടെ നോട്ടീസുകളിൽ സഭയുടെ എംബ്ലം ഉപയോഗിക്കരുത് എന്ന് കഴിഞ്ഞ ലക്കം താരകയിലൂടെ അറിയിച്ചിരുന്നുവല്ലോ. ബന്ധപ്പെട്ടവർ ആ നിർദ്ദേശം അനുസരിച്ച് പ്രവർത്തിച്ചത് ഏറെ അഭിനന്ദനീയമാണ്.

നമ്മുടെ സഭയിൽ അർപ്പണബോധത്തോടുകൂടി പ്രവർത്തിച്ച മാരാമൺ വെട്ടത്ത് ദിവംഗതനായ ദിവ്യശ്രീ. വി.കെ. മാത്യു കശ്ശീശായുടെ സഹധർമ്മിണി സൂസി (84) കർത്താവിൽ നിദ്ര പ്രാപിച്ചു. ബസ്ക്യാമ എന്ന നിലയിലും ഹോമിയോപ്പതി ചികിത്സയിലൂടെ ഡോക്ടർ എന്ന നിലയിലും അനുഗൃഹീതമായ ശുശ്രൂഷ നിർവ്വഹിച്ച പരേതയോടുള്ള സഭയുടെ ആദരവ് രേഖപ്പെടുത്തുന്നു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ഏതാനും ആഴ്ചകൾ അമേരിക്കൻ ഭദ്രാസനത്തിലെ കിഴക്കൻ മേഖല പ്രദേശങ്ങൾ പ്രത്യേക ക്ഷണപ്രകാരം സന്ദർശിക്കുവാൻ ഇടയായി. ടൊറോണ്ടയിലെ പള്ളി പണിയുടെ ബാഹ്യസംവിധാനവും ആന്തരിക സംവിധാനവും രൂപപ്പെടുന്ന ഈ ഘട്ടത്തിൽ ആ ഇടവകയിൽ ഒരാഴ്ചകാലത്തോളം താമസിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി. അമേരിക്കയിൽ നിന്ന് കശ്ശീശാ സ്ഥാനത്തേക്ക് പ്രവേശിക്കുന്ന ഒരു യുവ പട്ടക്കാരന് കശ്ശീശാ പട്ടം നൽകുന്ന ടെക്സാസിലെ ഫാർമേഴ്സ് ബ്രാഞ്ച് പള്ളിയിൽ വെച്ച് നടന്ന ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വ്യക്തിപരമായ ചില ആവശ്യങ്ങൾക്കായി കുറച്ചു സമയം കൂടി അവിടെ ചെലവഴിക്കുവാൻ ഇടയായി. അഭിപ്രായവ്യത്യാസങ്ങൾ എല്ലാം വെടിഞ്ഞ് ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെ ഒത്തൊരുമയോടെ ഏകയോഗക്ഷേമമായി അവിടെയുള്ള വിശ്വാസ സമൂഹം പ്രവർത്തിക്കുന്നത് കാണുവാൻ കഴിഞ്ഞത് ഹൃദയത്തിന് കുളിർമ നൽകുന്ന ഒരു അനുഭവമായിരുന്നു.

കൊച്ചിയിലെ മാർത്തോമ്മാ സഭാ അംഗങ്ങൾ ചേർന്ന് നേതൃത്വം നല്കുന്ന കൊച്ചിൻ കമ്മ്യൂണിറ്റി സൊസൈറ്റിയുടെ നേതൃത്വത്തിൽ എട്ടര ഏക്കർ സ്ഥലത്ത് 37 അപ്പാർട്ടുമെന്റുകളായി പണി പൂർത്തീകരിച്ച സീനിയർ സിറ്റിസൺ ഹോമിന്റെ കൂദാശ ഈ മാസം നടത്തത്തക്കവണ്ണം ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. സിംഗിൾ ആന്റ് ഡബിൾ ഒക്കുപ്പെൻസിയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഏതാനും ഒഴിവുകൾ ഉണ്ട്. ആവശ്യമുള്ളവർ 9864044370, 9846010555 എന്നീ ഫോൺ നമ്പറുകളിൽ ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്.

ആഗസ്റ്റ് മാസം ആരംഭിക്കുന്നത് 15 നോമ്പ് ആരംഭത്തോടു കൂടിയാണ്. ഓഗസ്റ്റ് മാസം 6-ാം തീയതി ഞായറാഴ്ച നമ്മുടെ കർത്താവിന്റെ തേജസ്കരണവുമായി ബന്ധപ്പെട്ട മറു

രൂപ പെരുനാളായി സഭ ആചരിക്കുന്നു. കർത്താവും മൂന്ന് ശിഷ്യന്മാരും കൂടി പ്രാർത്ഥിക്കാനായി മലയിൽ കയറിയപ്പോൾ അവിടെ വിശുദ്ധ വേദപുസ്തകത്തിൽ ദൈവത്തിന്റെ തേജസിനെ പ്രതിനിധീകരിക്കുന്ന ‘ഷക്കീന’ എന്ന മേഘസ്തംഭം പ്രത്യക്ഷപ്പെടുകയായിരുന്നു. ഈ ഷക്കീനായുടെ തേജസ്സിൽ യേശുവിനോടൊപ്പം ന്യായപ്രമാണത്തിന്റെ ആളത്വമായ മോശെയും പ്രവചനങ്ങളുടെ ആളത്വമായ ഏലിയാവും അവിടെ പ്രത്യക്ഷരാകുന്നു. ക്രിസ്തുവിന്റെ നിസ്തുല്യമായ ജ്യോതിസ്സ് ആ മലമുകളിൽ വെളിപ്പെടുന്നു. ഷക്കീനായുടെ തേജസ്സ് മാറുമ്പോൾ തേജോമയനായ, നിസ്തുല്യനായ ക്രിസ്തുവിനെ മാത്രമാണ് അവർ കാണുന്നത്. ഇവിടെ മോശെയും ഏലിയാവും അപ്രസക്തരാവുകയല്ല ചെയ്യുന്നത്, ഉദയസൂര്യന്റെ മഹാതേജസ്സിൽ ഉദയനക്ഷത്രത്തിന്റെ പ്രഭ നിഷ്പ്രഭമാകുന്നതുപോലെയുള്ള അനുഭവമാണ് അവിടെ സംഭവിക്കുന്നത്. അപ്പോൾ പത്രോസിന്റെ പ്രതികരണം മാനുഷികമായ ഒരു പ്രതികരണമായിരുന്നു. മൂന്ന് കുടിൽ കെട്ടി യേശുവിനും മോശയ്ക്കും ഏലിയാവിനും പാർക്കുവാനായി ഒരു ക്രമീകരണം രൂപപ്പെടുത്തുന്നതിനെക്കുറിച്ചാണ് പത്രോസ് അപ്പോൾ ആലോചിച്ചത്. അസാധാരണവും അപൂർവ്വവുമായ ആ ദിവ്യാനുഭവത്തിൽ യേശുവിനോടും മോശയോടും ഏലിയാവിനോടുമൊപ്പം മലമുകളിൽ കഴിഞ്ഞു കൂടുവാനാണ് അവർ ആഗ്രഹിച്ചത്. താഴ്‌വരയിലെ പ്രശ്നസങ്കീർണ്ണതകളിലേക്ക് ഇറങ്ങിവരുവാൻ ശിഷ്യന്മാർക്ക് താല്പര്യമുണ്ടായിരുന്നില്ല. എന്നാൽ യേശുവാകട്ടെ തന്റെ ദൗത്യത്തെക്കുറിച്ചുള്ള വ്യക്തത ഉൾക്കൊണ്ടുകൊണ്ട് താഴ്‌വരയിലേക്ക് ഇറങ്ങി വന്ന് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനാണ് ശ്രമിച്ചത്. ഈ മാതൃക നമുക്കും ഒരു പാഠമായിത്തീരട്ടെ. ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച വിവാഹം എന്ന കൂദാശയുടെ ആഘോഷത്തെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. പാശ്ചാത്യസഭകളിൽ പട്ടക്കാരൻ വിവാഹത്തിനായി വരുന്ന സ്ത്രീയെയും പുരുഷനെയും ഒരു കുടുംബമായി പ്രഖ്യാപിക്കുന്നു. എന്നാൽ പൗരസ്ത്യ സഭയുടെ വിശ്വാസത്തിൽ കർത്താവാണ് കാർമ്മികൻ. കർത്താവ് യോജിപ്പിക്കുന്നു എന്ന വസ്തുത പ്രഖ്യാപിക്കുന്നവർ മാത്രമാണ് പട്ടക്കാർ. നമ്മുടെ ഈ കൂദാശയിൽ ആദ്യ ഭാഗത്ത് മോതിരവാഴ്‌വിന്റെ ശുശ്രൂഷയാണ് നടക്കുന്നത്. അത് വിവാഹ നിശ്ചയത്തിന്റെ ശുശ്രൂഷയാണ്. അതിനെ തുടർന്നാണ് രണ്ടാം ഘട്ടമായ വിവാഹശുശ്രൂഷ നടക്കുന്നത്. വിവാഹ ശുശ്രൂഷയിൽ സുവിശേഷം വായിക്കുന്നതിനു മുമ്പ് വധൂവരന്മാരുടെ കരങ്ങൾ യോജിപ്പിച്ച് ത്രിത്വത്തിന്റെ നാമത്തിൽ അവരെ അനുഗ്രഹിക്കുന്നു. എന്നാൽ ഭാരതീയ സംസ്കാരത്തിന്റെ നാട്ടുനടപ്പ് ഉൾക്കൊണ്ടുകൊണ്ടാണ് താലിയും വസ്ത്രവും അണിയിക്കുന്ന ചടങ്ങ് നടക്കുന്നത്. ഇത് നാം ഓർത്തിരിക്കേണ്ടതാണ്.

ഓഗസ്റ്റ് 15-ാം തീയതി 15 നോമ്പുവീടൽ നാം ആചരിക്കുന്നു. വർഷങ്ങൾക്കു മുമ്പ് 15 നോമ്പുവീടൽ ദിനത്തിലാണ് ഏബ്രഹാം മല്പാനച്ചൻ പ്രൊമ്യോനും സെദറായും കുർബ്ബാന മദ്ധ്യേ സുറിയാനി ഭാഷയിലുള്ള രേഖകൾ നോക്കിക്കൊണ്ടു തന്നെ മലയാള ഭാഷയിൽ തർജ്ജിമചെയ്ത് പ്രാർത്ഥിച്ചത്. അതൊരു മഹാപരാധമായി കരുതി അന്നത്തെ മലങ്കരമെത്രാപ്പോലീത്ത ആ പട്ടക്കാരനെയും ആ പട്ടക്കാരൻ കുർബ്ബാന ചൊല്ലിയ ഇടവകയെയും അന്ന് മുടക്കുകയുണ്ടായി. മലയാളത്തിൽ കുർബ്ബാന ചൊല്ലി എന്ന കാരണം പറഞ്ഞാണ് അന്ന് ആ മുടക്കുണ്ടായതെങ്കിൽ ഇന്ന് ഏതെങ്കിലും സഭയിൽ മലയാളത്തിൽ കുർബ്ബാന ചൊല്ലാത്ത ഇടങ്ങളുണ്ടോ എന്ന് നാം പരിശോധിക്കേണ്ടതാണ്. ഏബ്രഹാം മല്പാനച്ചൻ മാറ്റത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കാഹളം മുഴക്കിയ ആ സംഭവം അനുസ്മരിക്കുന്ന ആ ദിനത്തിൽ തന്നെയാണ് വർഷങ്ങൾക്കു ശേഷം ഭാരതം സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിച്ചത് എന്നത് ശ്രദ്ധേയമായ ഒരു യാഥാർത്ഥ്യമത്രെ.

ക്രിസ്തുവിലുള്ള സ്വാതന്ത്ര്യവും മതപരമായും രാഷ്ട്രീയവുമായുള്ള സ്വാതന്ത്ര്യവും സമന്വയിക്കുന്ന ഒരു സുദിനമത്രെ ഓഗസ്റ്റ് 15. ഓഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച നവീകരണ ദിനമായും നാം ആചരിക്കുന്നു. വചനത്താൽ നവീകരിക്കപ്പെടുന്ന ആരാധനാസമൂഹമായി നാം മുന്നോട്ടു പോകുമ്പോഴാണ് സ്വാതന്ത്ര്യവും നവീകരണവും ഒരു അനുദിന ജീവിതാനുഭവമായിത്തീരുന്നത്.

ഓഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയെക്കുറിച്ചാണ് നാം ധ്യാനിക്കുന്നത്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വീൻ എന്ന് പറഞ്ഞ് നാല് അടയാളങ്ങളിലൂടെയാണ് നമ്മുടെ കർത്താവ് വിശുദ്ധ കുർബ്ബാന ഏർപ്പെടുത്തിയത്. അപ്പം എടുത്തു, സ്തോത്രം ചൊല്ലി, നുറുക്കി, ശിഷ്യന്മാർക്കു കൊടുത്തു. ഈ നാലു കാര്യങ്ങൾ ആ അത്താഴത്തിനു ശേഷം ഉയിർപ്പു ഞായർ വരെയുള്ള ദിവസങ്ങളിൽ നടന്നതായി നമുക്കു കാണാം. ഗദ്സമന തോട്ടത്തിൽ ശിഷ്യന്മാരോടൊപ്പം പ്രാർത്ഥിക്കാൻ പോയ ക്രിസ്തു തന്നെത്തന്നെ പിതാവിന്റെ ഹിതത്തിനായിട്ട് പൂർണ്ണമായി ഏല്പിച്ചു കൊടുത്തു. അങ്ങനെ പിതാവിന്റെ കരങ്ങളിൽ ക്രിസ്തു എടുക്കപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്തു. “ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കുകയും ഭയഭക്തിനിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു. പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു” (എബ്രാ. 5:7-9). കുരിശിൽ നാം കാണുന്നത് ഈ ക്രിസ്തുവിനെ ലോകം നുറുക്കുന്ന അനുഭവമാണ്. എന്നാൽ കുരിശിൽ നുറുക്കപ്പെട്ടതിനെ പുനരുത്ഥാന നാളിൽ ദൈവം വീണ്ടും കൂട്ടിച്ചേർത്ത് ലോകത്തിന് നൽകുന്നു. ഈ സുവിശേഷമാണ് ഉയിർപ്പിന്റെ പ്രഭാതത്തിൽ കല്ലറയുടെ സമീപത്തേക്ക് ചെന്ന സ്ത്രീകളോട് ദൂതൻ പ്രഖ്യാപിച്ചത്. ശിഷ്യന്മാർ ഭയചകിതരായി സെഹിയോൻ മാളികയിൽ ഒരുമിച്ച് കൂടിയപ്പോൾ ക്രിസ്തു അവിടെ പ്രത്യക്ഷനായി അവർക്ക് ധൈര്യം പകർന്നു. ഭയപ്പെട്ട് സുരക്ഷിത താവളം തേടി യെരുശലേമിൽ നിന്ന് എമ്മവൂസിലേക്ക് പോയ ക്ലെയോപ്പാവിനും മറ്റേ ശിഷ്യനും ക്രിസ്തു പ്രത്യക്ഷനാകുകയും തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്തു. അവർ ഭയം വെടിഞ്ഞ് വീണ്ടും പ്രതിസന്ധികൾ നിറഞ്ഞ യെരുശലേമിലേക്ക് ധീരതയോടെ യാത്രയായി. തോമാ ശ്ലീഹാ ബുദ്ധിപരമായ സംശയം ഉന്നയിക്കുമ്പോൾ യേശു അവന്റെ സംശയം തീർക്കുവാൻ തോമസും കൂടി ഉൾപ്പെട്ട ശിഷ്യസമൂഹത്തിന് പ്രത്യക്ഷനായി അവരെ ശക്തീകരിച്ചു. ഈ സുവിശേഷത്തിന്റെ ദീപശിഖയുമായാണ് തോമാശ്ലീഹാ ധീരോദാത്തനായി ഭാരതമണ്ണിലേക്ക് കടന്നുവന്നത്. ആ മഹാപാരമ്പര്യത്തിന്റെ ചൈതന്യവാഹകരായി സുവിശേഷം ലോകത്തോടു പ്രഖ്യാപിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. കർത്താവിന്റെ കരങ്ങളിൽ എടുക്കപ്പെടുന്ന, കർത്താവിന്റെ കരങ്ങളിൽ വാഴ്ത്തപ്പെടുന്ന വ്യക്തികളെയെല്ലാം ലോകം നുറുക്കിയിട്ടുണ്ട്. എന്നാൽ ലോകം നുറുക്കിയതുകൊണ്ട് അങ്ങനെയുള്ളവർ ഇല്ലാതാകുന്നില്ല. ക്രിസ്തുവിന്റെ കരങ്ങളാൽ വീണ്ടും ചേർക്കപ്പെട്ട് ലോകത്തിൽ അജയ്യമായ സുവിശേഷ ചൈതന്യമായി അവർ വിരാജിക്കുക തന്നെ ചെയ്യും. അപ്പൊസ്തലനായ വിശുദ്ധ പൗലോസ് ഇപ്രകാരം പറയുന്നു. *“അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു” (1 കൊരി. 11:26).*

കൃപ നിങ്ങളോടേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



പുലാത്തീൻ,
30-07-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**